I/6190460/2024

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. SPD-സി3/216/2022-SPD
സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്
തിരുവനന്തപുരം, തീയതി: 09-05-2024

**<u>സർക്കുലർ</u>**

വിഷയം:- സ്റ്റോർസ് പർച്ചേസ് വകുപ്പ് – സർക്കാരിന്റെ അച്ചടി ജോലികൾ, അച്ചടി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ പ്രസ്സുകൾ മുഖാന്തരം നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിക്കാത്തത് - സംബന്ധിച്ച്

സൂചന:- 1. 05/03/2007-തീയതിയിലെ 27089/എച്ച്3/2006/ഉ.വി.വ നമ്പർ സർക്കുലർ

2. 10/07/2019 തീയതിയിലെ 161/എച്ച് 3/18/ഉ.വി.വ നമ്പർ സർക്കുലർ

**********************

സർക്കാർ വകുപ്പുകളുടെയും / സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, യൂണിവേഴ്സിറ്റികൾ, ബോർഡുകൾ തുടങ്ങിയവയുടെയും അച്ചടി സംബന്ധമായ ജോലികൾ അച്ചടി വകുപ്പിന്റെ കീഴിലുള്ള സർക്കാർ പ്രസ്സുകളിൽ തന്നെ നിർവ്വഹിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോഡ് രണ്ടാം വാല്യം Appendix 4 ലെ 42-ാം അനുച്ഛേദത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത അച്ചടി ജോലികൾ സർക്കാർ പ്രസ്സുകളിൽ മാത്രം നിർവ്വഹിക്കുന്നതിനും, അച്ചടി വകുപ്പിനു സാധിക്കാത്തവ ഗവ. പ്രസ്സുകളുടെ സൂപ്രണ്ടിന്റെ അനുമതിയോടുകൂടി മാത്രം മറ്റു സ്വകാര്യ പ്രസ്സുകളിൽ അച്ചടിക്കുന്നതിനും എല്ലാ വകുപ്പ് മേധാവികൾക്കും പരാമർശം (1) ലെ സർക്കുലർ പ്രകാരം നിർദ്ദേശം സർക്കാർ നൽകിയിട്ടുള്ളതാണ്.

2. സർക്കാരിന്റെ അച്ചടി ജോലികൾ നിർവ്വഹിക്കുന്നതു സംബന്ധിച്ച് പരാമർശം (2) സർക്കുലറിലെ ചീഫ് സെക്രട്ടറിതല നിർദ്ദേശങ്ങൾക്കു വിരുദ്ധമായി വിവിധ വകുപ്പുകൾ സർക്കുലറുകൾ പുറപ്പെടുവിക്കുന്ന നിരവധി സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. സർക്കാർ പ്രസ്സുകളിൽ അച്ചടി സംബന്ധമായ ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിന് മതിയായ സംവിധാനം / സാഹചര്യം നിലവിലുണ്ടെങ്കിലും, പല വകുപ്പുകളും / സ്ഥാപനങ്ങളും പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാതെ അച്ചടി ജോലികൾ സർക്കാരിതര പ്രസ്സുകളെ ഏൽപ്പിക്കുന്ന പ്രവണത കൂടി വരുന്നതായും, ഇത്തരം നടപടികൾ സർക്കാരിനു ഭീമമായ സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

4. ഈ പ്രവണത സർക്കാർ ഗൗരവപൂർവ്വം വീക്ഷിക്കുന്നു. എല്ലാ സർക്കാർ വകുപ്പുകളുടെയും, സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, യൂണിവേഴ്സിറ്റികൾ, ബോർഡുകൾ തുടങ്ങിയവയുടെയും അച്ചടി സംബന്ധമായ എല്ലാ ജോലികളും അച്ചടി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ പ്രസ്സുകളിൽ മാത്രം ഏൽപ്പിക്കണമെന്നും/ സർക്കാർ പ്രസ്സുകളിൽ അച്ചടി നിർവ്വഹിക്കാൻ

സാധിക്കാത്ത അച്ചടി ജോലികൾ മാത്രം സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിന്റെ അനുമതിയോടെ മാത്രം സർക്കാരിതര / സ്വകാര്യ പ്രസ്സുകളിൽ അച്ചടിക്കാവൂയെന്നും എല്ലാ ഭരണവകുപ്പ് മേധാവികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ നിർദ്ദേശങ്ങൾക്കു വിരുദ്ധമായ നടപടികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം, ബന്ധപ്പെട്ട വകുപ്പ് / സ്ഥാപനമേധാവികൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഭരണ വകുപ്പ് മേധാവികൾ തങ്ങളുടെ നിയന്ത്രണത്തിലുള്ള വകുപ്പ്/സ്ഥാപന മേധാവികൾക്ക് നൽകേണ്ടതാണ്.

RABINDRA KUMAR AGARWAL
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

1. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറിമാർക്കും
2. എല്ലാ വകുപ്പ് തലവൻമാർക്കും
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
4. സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം)
5. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
6. എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും (ആമുഖ കത്ത് സഹിതം)
7. അഡ്വക്കേറ്റ് ജനറൽ കേരള, കേരള /തിരുവനന്തപുരം ശാഖ (ആമുഖ കത്ത് സഹിതം)
8. മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
9. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് , തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
10. മാനേജിങ് ഡയറക്ടർ , കേരള ബുക്സ് & പബ്ലിക്കേഷൻസ്
11. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
12. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II) കേരള, തിരുവനന്തപുരം
13. നിയമം / ധനകാര്യം ഉൾപ്പെടെ സെക്രട്ടറേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (ബന്ധപ്പെട്ട വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള വകുപ്പ് / സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകുന്നതിന്)
14. ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വിപുലമായ പ്രചാരണത്തിന്)
15. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (വെബ്സൈറ്റ്)
16. C-dit (for publication in www.spd.kerala.gov.in)
17. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
സെക്ഷൻ ഓഫീസർ.
Date: 14-05-2024 16:02:53